പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5005. 24.07.2015 ന് മറുപടിയ്ക്ക്.

## നൈപുണ്യ പ്രോത്സാഹന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ശ്രീരാമകൃഷ്ണൻ :<br>ശ്രീ. റ്റി.വി.രാജേഷ് :<br>ശ്രീ. എം. ഹംസ :<br>ശ്രീ. ആർ. രാജേഷ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ വർഷത്തെ ബജറ്റിൽ നൈപുണ്യ പ്രോത്സാഹനം മുൻഗണനാ പരിപാടിയായി ഉൾപ്പെടുത്തിയിരുന്നോ ; | (എ) ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം നല്കുമോ ; | (ബി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന് 2014-15 സാമ്പത്തിക വർഷത്തിൽ പുതിയ പദ്ധതികളായ വ്യോമയാനത്തിലും മറ്റു നൈപുണ്യ മേഖലകളിലും സാങ്കേതിക പരിജ്ഞാനവും പരിശീലനവും നൽകുന്നതിനായി തിരുവനന്തപുരത്ത് ഒരു ടെക്നിക്കൽ സെന്റർ ആരംഭിക്കുന്നതിനും 3 ഡി നിർമ്മാണം ഫൈബർ ഒപ്റ്റിക്സ് എന്നീ രംഗങ്ങളിൽ സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ സ്ഥാപിക്കുന്നതിനും ബഡ്ജറ്റിൽ 20 കോടി രൂപ പ്രഖ്യാപിച്ചുവെങ്കിലും ഈ തുക വകയിരുത്തിയിട്ടില്ല.<br><br>എന്നാൽ KASE സമർപ്പിച്ച Proposal ന്റെ അടിസ്ഥാനത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ മറ്റു പദ്ധതികൾക്കായി 23 കോടി രൂപ അനുവദിച്ചിട്ടുണ്ട്. (മൾട്ടിസ്കിൽ, സെക്യൂരിറ്റി സ്കിൽ, എൻട്രിപ്രൂണർഷിപ്പ് എന്നീ മേഖലകളിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് 4 കോടി രൂപയും ഹൈടെക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ്, ഓയിൽ & റിഗ് എന്നിവയ്ക്ക് 4 കോടി രൂപയും, കൗശൽ കേന്ദ്ര തുടങ്ങുന്നതിനു 2.5 കോടി രൂപയും പരമ്പരാഗത മേഖലയിൽ നൈപുണ്യ വികസന കേന്ദ്രം തുടങ്ങുന്നതിനും KASE - ന്റെ അഡ്മിനിസ്ട്രേറ്റീവ് ചിലവുകൾക്കുമായി 2.5 കോടി രൂപയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ |

(മറുപുറം)

(IIIC) തുടങ്ങുന്നതിന് 5 കോടി രൂപയും, സേവന മേഖലയിൽ നൈപുണ്യ വികസന കേന്ദ്രം തുടങ്ങുന്നതിന് 5 കോടി രൂപയും) അനുവദിച്ച തുകകൾ അതതു മേഖലകളിൽ നൈപുണ്യ വികസന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ച വരുന്നു.

(സി) ഇതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ ;

(സി) ഉണ്ട്. ഇന്റർനാഷണൽ സ്കിൽസ് പാർക്ക് തുടങ്ങുന്നതിനായി അങ്കമാലിയിലെ ഇൻകലിൽ കെട്ടിടം Lease വ്യവസ്ഥയിൽ എടുത്തിട്ടുണ്ട്. ഇവിടെ ഹൈടെക് ഓട്ടോമോഷൻ & മെക്കാട്രോണിക്സ്, ഓയിൽ & റിഗ്, റീട്ടെയിൽ, സെക്യൂരിറ്റി, ഹോസ്പിറ്റാലിറ്റി തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. കൊല്ലം ജില്ലയിലെ ചവറയിൽ ആദ്യ കൗശലകേന്ദ്രം പ്രവർത്തനമാരംഭിച്ചു. കോഴിക്കോട് ജില്ലയിലും പാലക്കാട് ജില്ലയിലും കൗശലകേന്ദ്രം ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (IIIC) സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ഡി) പ്രസ്തുത പദ്ധതി വിഭാവനം ചെയ്തപ്രകാരം ഏതൊക്കെ വകുപ്പുകൾ തങ്ങളുടെ ബജറ്റ് വിഹിതത്തിന്റെ ഒരു ശതമാനം വീതം ഈ പദ്ധതിക്കായി നീക്കിവച്ചെന്നും, ആകെ എത്ര തുക ഈ പരിപാടിക്കായി ചെലവഴിച്ചെന്നും അറിയിക്കാമോ ;

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഈ പരിപാടിയിൻകീഴിൽ വിവിധ തൊഴിൽദായക പദ്ധതികൾ വഴി എത്രപേർക്ക് പുതുതായി തൊഴിൽ ലഭിച്ചുവെന്ന് അറിയിക്കാമോ?

(ഇ) വിവിധ നൈപുണ്യ വികസന പദ്ധതികൾ നടപ്പാക്കുന്ന മുറയ്ക്ക് അതതു മേഖലകളിൽ തൊഴിൽ ലഭ്യമാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ